**പോലീസ് വകുപ്പ്**

**കേരളം**

**No. D4-59330/2020/CC**

സിറ്റി പോലീസ് ഓഫീസ്,
കോഴിക്കോട്
✉cpkkd.pol@kerala.gov.in
📞04952722673
തീയതി. 13-07-2021

**ലേല പരസ്യം**

കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ളതും കോഴിക്കോട് ബേപ്പൂർ കോസ്റ്റൽ പോലീസ് സ്റ്റേഷൻ പരിധിയിൽ സൂക്ഷിച്ചിട്ടുള്ളതുമായ താഴെ പറയുന്ന വള്ളങ്ങളും എഞ്ചിനുകളും 13.08.2021 തിയ്യതി പകൽ 11 മണിക്ക് മേൽ പറഞ്ഞ ഓഫീസ് പരിസരത്ത് വെച്ച് പരസ്യമായി ദർഘാസ് /ലേലം വഴി വില്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | ക്രൈം നമ്പർ | ബോട്ട് ഇനം | നിരതദ്രവ്യം |
|---|---|---|---|
| 1. | 2/16 | ഡിങ്കി | 350/- |
| 2 | 23/17 | ഫൈബർ ബോട്ട് | 2500/- |
| 3 | 24/17 | ഫൈബർ ബോട്ട് | 1350/- |
| 4 | 1/18 | ഫൈബർബോട്ട് | 2500/- |
| 5 | 2/18 | ഫൈബർ ബോട്ട് | 2100/- |
| 6 | 03/2019 | ഫൈബർ ബോട്ട് | 150/- |

ദർഘാസ് സമർപ്പിക്കുന്നവർ എതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്ന് കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയിട്ടുള്ളതും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കോഴിക്കോട് ശാഖയിൽ മാറാവുന്നതുമായ നിരതദ്രവ്യത്തിനു തുല്യമായ തുകയുടെ DD അടക്കം ചെയ്യേണ്ടതുമാണ്. കവറിനു മുകളിൽ " ഡിപ്പാർട്ട്മെന്റ് ബോട്ടുകളുടെ ലേലത്തിനുള്ള ടെണ്ടർ" എന്ന് വ്യക്തമായി എഴുതേണ്ടതാണ്. പരസ്യ ലേലം കഴിഞ്ഞയുടൻ ബന്ധപ്പെട്ടവരുടെ മുന്നിൽ വെച്ച് ദർഘാസുകൾ തുറക്കുന്നതും പരസ്യ ലേലത്തിൽ അഥവാ ദർഘാസിൽ ഏതിലാണോ കൂടുതൽ തുക കാണിക്കുന്നത് അയാൾക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ലേലം കൊണ്ടയാൾ അപ്പോൾ തന്നെ ലേലം /ദർഘാസ് തുകയുടെ പകുതി സംഖ്യ നിരതദ്രവ്യം കഴിച്ച് ലേല സ്ഥലത്ത് വെച്ച് അടച്ച രസീതി വാങ്ങേണ്ടതാണ്. ബാക്കി സംഖ്യ നികുതി ഉൾപ്പെടെ ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് തിയ്യതി മുതൽ പത്തു ദിവസത്തിനുള്ളിൽ അടച്ച് സ്വന്തം ചെലവിലും ഉത്തര വാദിത്വത്തിലും ബോട്ടുകൾ നീക്കം ചെയ്യേണ്ടതാണ്.

എതെങ്കലും കാരണവശാൽ ലേലം കൊണ്ടയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ടി ബോട്ടുകൾ പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിന് കൂടുതൽ തുക ലഭിച്ചാൽ ആയതിനു മുൻ ലേലക്കാരന് യാതൊരു വിധ അർഹതയോ അവകാശമോ ഉണ്ടായിരിക്കുന്നതല്ല.

ലേലത്തിനായി നിശ്ചയിചിരിക്കുന്ന ബോട്ടുകൾ ലേല തിയ്യതിക്ക് മുമ്പുള്ള പത്തു പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.00 മണിമുതൽ 5 മണി വരെയുള്ള എതെങ്കിലും സമയത്ത് ഡെപ്യൂട്ടി കമാണ്ടന്റിന്റെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്. ഉചിതമെന്നു തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേലം നിർത്തി വെക്കുന്നതിനും ലേലം /ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനും ലേല നടപടി ക്രമങ്ങൾ റദ്ദ ചെയുന്നതിനും കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിക്ക് അധികാരമുണ്ടായിരിക്കും. ലേലം സംബന്ധിച്ച് കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.

എ വി ജോർജ് ഐ പി എസ്
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്

സ്വീകർത്താവ് : 1.എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും, എല്ലാ ബറ്റാലിയൻ കമാണ്ടന്റുമാർക്കും അവശ്യമായ പരസ്യം നൽകുന്നതിലെക്കായിഅയക്കുന്നു. 2. ഡെപ്യൂട്ടി കമാണ്ടന്റ്, അസി. കമാണ്ടാന്റ്റ്,മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടർ, -ആംഡ് റിസർവ് കോഴിക്കോട് സിറ്റി എന്നവർക്ക് അറിവിനും അനന്തര നടപടിക്കുമായി അയക്കുന്നു. കോസ്റ്റൽ പോലീസ് സ്റ്റേഷന് അറിവിലേക്കും അനന്തര നടപടി ക്കുമായി അയയുന്നു. കോഴിക്കോട്

സിറ്റിയിലെ എല്ലാ പോലീസ് ഓഫീസർമാർക്കും ആവശ്യമായ പരസ്യം നൽകുന്നതിലെക്കായി അയക്കുന്നു. സൈബർ സെൽ, കോഴിക്കോട് സിറ്റി - കോഴിക്കോട് സിറ്റി പോലീസിന്റെ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി അയക്കുന്നു. കൂടാതെ എ എ , എ ഡി സി പി ,മാനേജർ , എ ഓ എന്നിവർക്കും അറിവിലേക്കായി അയക്കുന്നു.

പകർപ്പ് : 1.കോഴിക്കോട് ജില്ല പബ്ലിക് റിസ് ഓഫീസർക്ക് പത്ര മാധ്യമങ്ങളിൽ പരസ്യം നൽകുന്നതിനായി ആമുഖ കത്ത് സഹിതം അയക്കുന്നു. 2. തിരുവനന്ത പുരം ഗവണ്മെന്റ് പ്രസ് സൂപ്രണ്ടിന് 5 പകർപ്പ് ആമുഖ കത്ത് സഹിതം ഗസറ്റ് വിഞ്ജാപനത്തിനായി അയക്കുന്നു.

Internal Administrative Processing System
iAPS
KERALA POLICE